(ബി) ഉദ്യോഗസ്ഥ പുനർവിന്യാസത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് പി.ഡബ്ല്യു.ഡി. യിൽ നിന്നും എത്ര തേർഡ് ഗ്രേഡ് ഓവർസിയർമാരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വേക്കൻസികൾ ഒഴിഞ്ഞുകിടന്നിട്ടും തേർഡ് ഗ്രേഡ് ഓവർസിയർമാരെ നിയമിക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 395 പേർ.

(സി) വിവരം ശേഖരിച്ചുവരുന്നു.

സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ

52 [3035] *ശ്രീ. ടി. പി. എം. സാഹിർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി. യിൽ സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിലേക്ക് കെ.പി.എസ്.സി. എത്രപേരെ അഡ്വൈസ് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പി.ഡബ്ല്യു.ഡി. യിൽ സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ എത്ര പേർ ജോയിൻ ചെയ്തു;

(സി) അഡ്വൈസ് ചെയ്തവരിൽ സർവ്വീസിൽ ജോയിൻ ചെയ്യാത്തവരെത്ര; അവരുടെ സമുദായം തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 223 പേരെ അഡ്വൈസ് ചെയ്തിട്ടുണ്ട്.

(ബി) 198 പേർ.

(സി) 25 പേർ.

ഒ. സി. - 14
ഒ. ബി. സി.- 9
എസ്. സി. - 2

സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷാ സർട്ടിഫിക്കറ്റ്

53 [3036] *ശ്രീ. എം. മുരളി:*
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. കെ. സുധാകരൻ:
,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളുടെ കെട്ടിടങ്ങൾക്ക് എത്രകാലം കൂടുമ്പോഴാണ് സുരക്ഷാ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടത്;

(ബി) ഗവൺമെന്റ് വിദ്യാലയങ്ങളുടെ കെട്ടിടങ്ങളെ സംബന്ധിച്ചും ഈ സർട്ടിഫിക്കറ്റ് ആവശ്യമാണോ;

(സി) സംസ്ഥാനത്ത് സുരക്ഷിതത്വമില്ലാത്ത എത്ര സ്കൂൾ കെട്ടിടങ്ങൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് പഞ്ചായത്ത് മാനേജ്മെന്റിലുള്ള സ്കൂൾ കെട്ടിടങ്ങൾ, എയിഡഡ് സ്കൂൾ കെട്ടിടങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണി ചെയ്യുന്നതിന് എന്തെങ്കിലും നിയമതടസ്സമുണ്ടോ;

(ഇ) എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഓരോ അദ്ധ്യയന വർഷവും സുരക്ഷാ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്.

(ബി) ആവശ്യമാണ്.

(സി) മുന്നൂറിൽപ്പരം കെട്ടിടങ്ങൾ സുരക്ഷിതമല്ല എന്ന് കണക്കാക്കിയിരിക്കുന്നു.

(ഡി) & (ഇ) ഉണ്ട്. എസ്.എസ്.എ. യുടെ മാനദണ്ഡമനുസരിച്ച് ഗവ. യു.പി. സ്കൂളുകളുടെ (1 മുതൽ 8 വരെ) അറ്റകുറ്റപ്പണികളാണ് ചെയ്യുന്നത്. ഗവ. ഹൈസ്കൂളുകൾക്ക് ജില്ലാ പഞ്ചായത്തും എയ്ഡഡ് സ്കൂളുകൾക്ക് മാനേജർമാരുമാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

പാഠപുസ്തക അച്ചടി

54 [3037] *ശ്രീ. പി. സി. ജോർജ്ജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-06 വർഷത്തിലേക്ക് പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് ഏതെല്ലാം പ്രസ്സുകളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇതിൽ സർക്കാർ പ്രസ്സുകൾ എത്രയെന്നും കെ.ബി.പി.എസുകൾ എത്രയെന്നും സ്വകാര്യ പ്രസ്സുകൾ എത്രയെന്നും വെളിപ്പെടുത്താമോ;

(ബി) അച്ചടി പൂർത്തിയായി പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) കെ.ബി.പി.എസ്. പ്രസ്സിൽ പാഠപുസ്തകങ്ങളുടെ അച്ചടി നിർത്തിവച്ച് ലോട്ടറിയുടെയും +2 പുസ്തകങ്ങളുടെയും അച്ചടി നടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) നിശ്ചിത സമയത്ത് അച്ചടി പൂർത്തിയാക്കാതെ വന്നാൽ കെ. ബി. പി. എസ്. പ്രസ്സിൽ നിന്നും പീനൽ ചാർജ് സർക്കാർ ഈടാക്കാറുണ്ടോ?

GPM. 2/608/2012—12

LIBRARY ARCHIVES Kerala Legislative Assembly